<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.859 30.06.2015-ൽ മറുപടിക്ക്

## <u>ഗുണഭോക്തൃ സമിതികളുടെ ചെറുകിട ജലവിതരണ പദ്ധതികൾക്കുള്ള ധനസഹായം</u>

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് എത്ര ചെറുകിട ജലവിതരണ പദ്ധതികൾ നടത്തുന്നുണ്ട് എന്ന് വിശദമാക്കുമോ; | (എ) ജലനിധി ഒന്നാം ഘട്ടത്തിൽ 112 ഗ്രാമപഞ്ചായത്തുകളിലായി 3710 ചെറുകിട പദ്ധതികളും രണ്ടാംഘട്ടത്തിൽ ഇതുവരെ വിവിധ ഗ്രാമപഞ്ചായത്തു കളിലായി 145 പദ്ധതികളും പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതികൾക്ക് നടത്തി പ്പിനായി കൈമാറിയിട്ടുണ്ട്. |
| ബി) അവർക്ക് ഓപ്പറേറ്റിംങ്ങ്, മെയിന്റ്-നൻസ് ഇനത്തിൽ എന്തെങ്കിലും സഹായം ജലനിധിയോ, വാട്ടർ അതോറിറ്റിയോ ചെയ്ത് കൊടു ക്കുന്നുണ്ടോ; | (ബി) ജലനിധി, ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനും പരിപാലന ത്തിനും ആവശ്യമായി വരുന്ന തുക ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്താണ് സമിതികൾ ജലവിതരണം നടത്തിവരുന്നത്.<br>ജലനിധി II പദ്ധതി പ്രകാരം, ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ, കേരള വാട്ടർ അതോറിറ്റി പദ്ധതികളിൽ നിന്ന് ബൾക്ക് സപ്ലൈയായി ജലം വാങ്ങി വിതരണം നടത്തുന്ന പദ്ധതികളിൽ കേരള വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖല പ്രസ്തുത പഞ്ചായ ത്തിലെ ഗുണഭോക്തൃ സമിതി കൾക്ക് |

കൈമാറുന്നതാണ്.
കൈമാറിക്കഴിഞ്ഞാൽ 5 മാസം
വരെ ഓപ്പറേഷൻ ആന്റ്
മെയിന്റനൻസ് പ്രവൃത്തികൾ
കേരള വാട്ടർ അതോറിറ്റി
യാണ് ചെയ്യേണ്ടത്.

സി) എങ്കിൽ ഗുണഭോക്തൃ സമിതികൾ (B.G) മുഖേന നടത്തുന്ന ജലവിതരണ പദ്ധതികൾക്ക് വാർഷിക അടിസ്ഥാനത്തിൽ എന്തെങ്കിലും ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

(സി) ഇപ്പോൾ പരിഗണിക്കാവുന്നതല്ല.

സെക്ഷൻ ഓഫീസർ